# ഒരു ചിനാർമരത്തിന്റെ ആത്മകഥ

സച്ചിദാനന്ദൻ

> *'' ജിസ് ഖാക്ക് കേ സമ്മീർ മേം ഹൈ/ ആതിഷ്-ഇ-ചിനാർ*
> *മുംകിൻ നഹീ കി സർദ്ദ് ഹോ/ വോ ഖാക്ക് –ഇ- അർജുമണ്ട്''*
> *( ഏതു പൊടിയുടെ മന:സാക്ഷിയിൽ/ ചിനാറിന്റെ അഗ്നിയുണ്ടോ*
> *ആ സ്വർഗീയ ധൂളിക്ക്/ തണുക്കുക സാധ്യമല്ല )*
>
> \- മൊഹമ്മദ് ഇക്ബാൽ

ഈ മണ്ണിലാണ് ഞാൻ ജനിച്ചത്,
ഒരിക്കലും തണുക്കാത്ത തീയുമായി,
അറുനൂറിലേറെ വര്ഷം മുൻപ്
ഒരു പുണ്യവാന്റെ കൈകൾ എന്നെ ഇവിടെ നട്ടു.
വരൾച്ചകളിലും ഞാൻ തളിരണിഞ്ഞു
വേനലിൽ തണലായി
മഞ്ഞുകാലത്ത് ചൂടായി
മുറിവിന്നു മരുന്നായി
കുഞ്ഞുങ്ങൾക്ക് കളിയിടമായി
കാമുകർക്ക് ഒളിയിടമായി

എന്റെ പൊത്തിൽ കിളികളെന്ന പോലെ
എന്റെ കാതലിലുണ്ട് ഓർമ്മകൾ,
ഞാൻ പല നിലകൾ പഠിച്ചത്
പതഞ്ജലിയിൽ നിന്ന്
എന്റെ ചില്ലകളെ കാറ്റിന്റെ
വ്യാകരണം പഠിപ്പിച്ചത് പാണിനി.
എന്റെ തടിയുടെ പൊരുൾ

അഭിനവഗുപ്തന്റെത്
എന്റെ ദലമർമ്മരങ്ങളിൽ
ശാരംഗദേവിന്റെ ഹിന്ദോളം
എന്റെ വേരുകൾ ലാൽ ദെദ്ദിന്റെയും
ഹബ്ബാ ഖാത്തൂണിന്റെയും അർണിമാലിന്റെയും
കവിതകൾ കേട്ട കോരിത്തരിപ്പുകൾ
എന്റെ ചുഴലിക്കാറ്റുകൾ
റഹ്മാൻ രാഹിയുടെ സ്വാതന്ത്ര്യഗീതങ്ങളെ
മാനം മുട്ടുന്ന ജ്വാലകളാക്കി
ശൈവരും സൂഫികളും എന്റെ
കുടക്കീഴിലിരുന്നു ധ്യാനിച്ചു

ഞാൻ മരിച്ചവരോടും
ജീവിച്ചിരിക്കുന്നവരോടും
നിരന്തരം സംസാരിക്കുന്നു
സംസാരിച്ചു സംസാരിച്ചു നിറം മാറുന്നു:
മഞ്ഞ, ചുവപ്പ്, ഊതനിറം.

ഇവിടെ കാശ്മീരികളേയുള്ളൂ
എല്ലാ മുൾവേലികളും പൊളിച്ചു
ഈദിനും ബൈശാഖിക്കും
അന്യോന്യം കെട്ടിപ്പുണരുന്നവർ
പത്മസംഭവന്റെയും ഗുരു നാനാക്കിന്റെയും
പിറന്നാളുകൾക്ക്  ഹൃദയത്തിൽ
താമര വിരിയിച്ച് ശിക്കാരകൾ കൊണ്ട്
തടാകത്തെ ചായം പൂശുന്നവർ
ഒരേ പാത്രത്തിൽ നിന്നുണ്ട്

ഒരേ നീർ കുടിച്ച് ഒരേ കരുണയുടെ
ഭാഷ സംസാരിച്ചവർ

അവരുടെ മതം സ്വാതന്ത്ര്യമായിരുന്നു,
അവരുടെ കൊടി സ്നേഹം.

അവർ അക്ഷരമാല പഠിച്ചത് ഇങ്ങിനെ:
അനന്ത് നാഗ്  അർണിയാ
ഉരി ഉധംപൂർ കഠവാ കാർഗിൽ,
കിഷ്ത്വാർ  കുൽഗാം,
കുപ്വാരാ ഗുന്ദേർബർ ചേനാനി
തൽപ്പാറ ദേവ്സർ
പഹൽഗാവ് പുൽവാമാ പൂഞ്ച്
ബദ്ഗാം ബാരാമുള്ള ബിഷ്നാ മണ്ഡാ
യാരിപ്പോരാ ലഖൻപൂർ ലേ
വിജയ്പൂർ ശോപ്പിയാൻ
സോപ്പോർ ശ്രീനഗർ ഹീരാനഗർ...

ഇന്നിപ്പോൾ എല്ലാം ചോരപ്പാടുകൾ മാത്രമായി
വെട്ടി മുറിക്കപ്പെടുന്ന ഒരു നാടിന്റെ രക്തം
ഓടിപ്പോകുനവരുടെ തരുണശരീരങ്ങൾ
മുൾപ്പടർപ്പുകളിൽ കുരുങ്ങിയ അരുണരക്തം
അവമാനിക്കപ്പെട്ട പെണ്ണുടലുകളിലെ
നഖപ്പാടുകളിലെ തവിട്ടുനിറമുള്ള രക്തം
വെടിയുണ്ടയേറ്റ ലോലഹൃദയങ്ങളിൽ
നിന്നൊഴുകുന്ന ഊതനിറമായ രക്തം ,
അതാണിപ്പോൾ  എന്റെ

ഇലകളെ ചുകപ്പിക്കുന്നത്:

പടർന്നു കയറുന്ന,

അനന്തഭേദങ്ങളുള്ള, ചുകപ്പ്,

മുള്ളാണികൾ തറഞ്ഞു കയറിയ

കുഞ്ഞുങ്ങളുടെ, നീലയായിരുന്ന

കൊച്ചുകണ്ണുകളിൽ നിന്ന്

രക്തം

എല്ലാ ഋതുക്കളിലും.

( കുറിപ്പ്: ചിനാർ- കാശ്മീരിയിൽ ബൂന്വി-ഈർപ്പമില്ലാത്ത മണ്ണിലും വളരുന്ന കാശ്മീരിന്റെ പ്രതീകമായ വൃക്ഷമാണ്. നമ്മുടെ പപ്പായയെപ്പോലുള്ള ഇലകൾ , ശരത്കാലത്ത് മഞ്ഞയും ചുകപ്പുമാകുന്നു. ഔഷധമൂല്യമുള്ള ഈ വൃക്ഷം പേഴ്സ്യൻ ഉദ്യാനങ്ങളുടെ അലങ്കാരമാണ്. ഹിന്ദുക്കൾക്ക് ഇത് ഭവാനീദേവിയുടെ പുണ്യവൃക്ഷമാണ്, മീർ സയ്യിദ് ആലിയെപ്പോലുള്ള ഇസ്ലാം പുണ്യവാന്മാർ നട്ട അറുനൂറും എഴുനൂറുംകൊല്ലം പഴക്കമുള്ള ചിനാർ മരങ്ങൾ ഇപ്പോഴും കാഷ്മീരിലുണ്ട്. മുതിർന്ന ചിനാറിന്റെ വലിയ പൊത്തുകളിൽ കുട്ടികൾ കളിക്കുകയും ഇണകൾ ഒത്തു കൂടുകയും ചെയ്യുന്നു.' നമ്മുടെ ആലിലകൾ പോലെ കാറ്റിൽ മർമ്മരങ്ങൾ ഉണ്ടാക്കുന്നതിനാൽ "സംസാരിക്കുന്നമരം' എന്നും ചിനാറിനെ പറയാറുണ്ട്. കൊല്ലപ്പെട്ട 230 ആളുകളുടെയെങ്കിലും ജഡങ്ങൾ ഉണ്ടെന്നു കരുതപ്പെടുന്ന, അടയാളപ്പെടുത്താത്ത ശ്മാശാനങ്ങൾക്ക് മീതെയും ചിനാർ മരങ്ങൾ വളർത്തിയിട്ടുണ്ട്. കാശ്മീരിന്റെ കവികൾ, യോഗികൾ, സംഗീതജ്ഞർ, കാവ്യമീമാംസകർ, സ്ഥലപ്പേരുകൾ ഇവ കവിതയിൽ സൂചിപ്പിക്കുന്നു. )